മലപ്പുറം ജില്ലയിൽ ഭൂമി തട്ടിയെടുത്തതായുള്ള കേസ്

84(3013)ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ രവീന്ദ്രനാഥ കാരണവർ എന്നയാളുടെ ഭൂമി തട്ടിയെടുത്തതായുള്ള കേസിൽ അന്വേഷണം ഏതു ഘട്ടത്തിലിരിക്കുന്നു;

(ബി) ഫയൽ നമ്പർ 50934/ജെ1/98/ഹോം മലപ്പുറം എസ്.പി. റിപ്പോർട്ടിനുവേണ്ടി അയച്ചിട്ടുണ്ടോ? എങ്കിൽ റിപ്പോർട്ട് ലഭിക്കുന്നതിൽ കാലതാമസം നേരിടാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

(സി) റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള കേസിൽ അന്യായക്കാരന് നീതി ലഭിക്കുന്നതിലുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേസ്സിൽ കുറ്റക്കാരായിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കെതിരെ ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷണം നടത്തുവാനും ശിക്ഷണ നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ?

ഉത്തരം

(എ) രവീന്ദ്രനാഥ കാരണവരുടെ കൈവശമുള്ള ഭൂമിക്ക് എതിർകക്ഷിക്ക് പട്ടയം ലഭിച്ചതിന്മേൽ ടി പട്ടയം റദ്ദ് ചെയ്തു കിട്ടുന്നതിനായി പരാതിക്കാരൻ വണ്ടൂർ കോടതിയിൽ അപ്പീൽ നൽകിയിട്ടുള്ളതും കേസ് കോടതിയുടെ പരിഗണനയിലിരിക്കുന്നതുമാണ്.

(ബി) ഉചിതമായ നടപടി അടിയന്തിരമായി സ്വീകരിക്കാൻ മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

(ഡി) പരിഗണനയിലില്ല.

ആയിഷയുടെ കൊലപാതകം

85 (3014)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽപ്പെട്ട എടവക പഞ്ചായത്തിലെ അയിഷയുടെ കൊലപാതകം സംബന്ധിച്ചുള്ള കേസ് അന്വേഷണം എവിടെവരെയായി;

(ബി) ഇതു സംബന്ധിച്ച് ആരെയെങ്കിലും പോലീസ് ചോദ്യം ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ആരെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി)&(സി) 215 സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്.

(ഡി)&(ഇ) മാനന്തവാടി പോലീസ്സ്റ്റേഷനിൽ ക്രൈം.294/95/യു/എസ്.302 ഐ.പി.സി. പ്രകാരം കേസ് എടുത്തിട്ടുണ്ട്.

മുരളീധരൻ പിള്ളയെ ആക്രമിച്ച സംഭവം

86 (3015)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജൂൺ 27-ന് ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വരുന്ന കുറ്റാനം ചിറ്റയ്ക്കാട്ടു വീട്ടിൽ ജി. മുരളീധരൻപിള്ള തന്റെ വീട്ടിലേക്ക് വരുമ്പോൾ രാത്രി ആക്രമിക്കപ്പെട്ട സംഭവത്തിൻമേൽ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പോലീസ് ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അന്വേഷണ നടപടികൾ ഏതു ഘട്ടംവരെയായി;

(ഡി) ഈ അക്രമ സംഭവത്തിൽ പ്രതികളായിട്ടുള്ളവർ ആരെല്ലാമാണ്; അവരെ അറസ്റ്റു ചെയ്തിട്ടുണ്ടോ;

(ഇ) ഈ കേസന്വേഷണത്തിൽ ഏതെങ്കിലും പോലീസുദ്യോഗസ്ഥൻ അലംഭാവം കാട്ടിയിട്ടുണ്ടെങ്കിൽ അവരുടെമേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) മുരളീധരൻപിള്ള 2-7-1999-ൽ ഒരു പരാതി വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ നൽകിയത് അന്വേഷണം നടത്തിയതിൽ പരാതിയിൽ പറഞ്ഞിരിക്കുന്ന സംഗതി കളവാണെന്ന് വെളിവായതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതാണ്.

(ഇ) ഇക്കാര്യത്തിന് പോലീസിന്റെ ഭാഗത്തുനിന്നും അലംഭാവം ഉണ്ടായിട്ടില്ല.

തോമസ് ചാക്കോയെ ആക്രമിച്ച സംഭവം

87(3016)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജൂൺ മാസം 15-ാം തീയതി രാത്രി ആലപ്പുഴ ജില്ലയിൽ വള്ളിക്കുന്നം പോലീസ് സ്റ്റേഷൻ അതിർത്തിയിൽവരുന്ന കുറ്റാനം തച്ചിരേത്ത് തോമസ് ചാക്കോയെ ഒരു സംഘം ആക്രമികൾ ആക്രമിച്ചത് സംബന്ധിച്ച് പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ ആക്രമണത്തോടനുബന്ധിച്ച് പോലീസ് കേസ് എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly